**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4765** **19-03-2025 - ൽ മറുപടിയ്ക്ക്**

**അന്തിപ്പച്ച പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡിന്റെ അന്തിപ്പച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കേരളത്തിൽ ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മത്സ്യഫെഡിന്റെ 'തീരത്തുനിന്ന് മാർക്കറ്റിലേക്ക്' (Coast to Market) പദ്ധതിയുടെ ഭാഗമായി അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്നു തന്നെ ലഭ്യമാക്കുന്നതിനായി മത്സ്യഫെഡ് 2017 മുതൽ സഞ്ചരിക്കുന്ന മത്സ്യവിപണനശാലയായ "അന്തിപ്പച്ച യൂണിറ്റ്" പ്രവർത്തിച്ചു വരുന്നു. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ നിലവിൽ 17 അന്തിപ്പച്ച യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 140 നിയോജകമണ്ഡലത്തിലും എം.എൽ.എ ഫണ്ടിൽ നിന്ന് അന്തിപ്പച്ച പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>കൊല്ലം ശക്തികുളങ്ങര സി.പി.സി.യിൽ അന്തിപ്പച്ച യൂണിറ്റുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകൾക്ക് വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ